(സി) ഇപ്പോൾ എത്ര തസ്തികയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഇത് പോലീസ് സേനയുടെ എത്ര ശതമാനം വരും;

(ഇ) പോലീസ് സേനയുടെ 10% വനിതകൾക്കായി സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) 1996-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വനിതാ പോലീസുകാരുടെ അംഗബലം പുരുഷ പോലീസുകാരുടെ അംഗബലത്തിന്റെ 10% ആയി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത വിഷയം സീനിയർ ഓഫീസേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്തു. പ്രസ്തുത യോഗം ജില്ലാ പോലീസ് കോൺസ്റ്റബുലറിയുടെ (ലോക്കൽ, ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി) 10%-നു തുല്യമായി വനിതകളുടെ തസ്തിക സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. 2003-ൽ നിലവിലുള്ള ലോക്കൽ/ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി (26456) എണ്ണത്തിന്റെ 10% ആക്കുന്നതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി സൃഷ്ടിച്ച 1873 തസ്തികകൾ ഉൾപ്പെടെ 2645 വനിതാ കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) 2645 തസ്തികകൾ.

(ഡി) പത്തു ശതമാനം.

(ഇ) നിലവിൽ തസ്തികകൾ ഒന്നുംതന്നെ വനിതകൾക്കായി സംവരണം ചെയ്തിട്ടില്ല. എന്നാൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗസംഖ്യ, ലോക്കൽ, ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി മാരുടെ അംഗ സംഖ്യയുടെ (26456) 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ വനിതാ പോലീസുകാരെയാണ് നിയമിച്ചുവരുന്നത്.

ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ്

138 [442] *ശ്രീ കെ. ബി. ഗണേഷ്കുമാർ:*
,, *ടി. എം. ജേക്കബ്:*
,, *ഷിബു ബേബിജോൺ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ 'ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് ഒരു പൈലറ്റ് പ്രോജക്ടായി ഇന്ത്യയിലെ തെരഞ്ഞെടുത്ത 32 ജില്ലകളിൽ 2003 ജൂൺ മാസത്തിൽ ആരംഭിച്ചു. കേരളത്തിൽ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ 3 ജില്ലകളിൽ ഹെപ്പറ്റൈറ്റിസ് ബി- പ്രതിരോധ കുത്തിവയ്പ് പരിപാടി നടപ്പിലാക്കി വരുന്നു. ഇതിനാവശ്യമായ തുക കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാൻഡ്-ഇൻ-എയ്ഡ് ആയിട്ടാണ് ലഭിക്കുന്നത്. പ്രാരംഭ ചെലവുകൾക്കായി 14,48,580 രൂപ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കുകയും, അതിൽ 3,06,450 രൂപ പത്തനംതിട്ട ജില്ലയ്ക്കും, 4,93,095 രൂപ ആലപ്പുഴ ജില്ലയ്ക്കും 6,49,035 രൂപ എറണാകുളം ജില്ലയ്ക്കും അലോട്ട് ചെയ്യുകയും ചെയ്തു. ഈ തുക ഈ മൂന്ന് ജില്ലകളിലുള്ള മെഡിക്കലാഫീസർമാരുടേയും, മറ്റു പാരാ മെഡിക്കൽ ജീവനക്കാരുടേയും ഈ പ്രോഗ്രാമിലേക്ക് വേണ്ടിയുള്ള പരിശീലനത്തിനായി വിനിയോഗിച്ചു. 10/2003-ൽ ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് 72,000 രൂപ അനുവദിക്കുകയും 'ഹെപ്പറ്റൈറ്റിസ്-ബി' പ്രതിരോധ കുത്തിവയ്പിനെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താനായി ഓരോ ജില്ലയ്ക്കും 24,000 രൂപ വീതം ഇതിൽനിന്നും നൽകി. ഇതുവരെയായി 2,40,297 പേർക്ക് ഈ കുത്തിവയ്പ് നൽകി.

(സി) ബാധകമല്ല.

ആരോഗ്യ സംരക്ഷണരംഗത്ത് ലോകബാങ്കിന്റെ സഹായം

139 [443] *ശ്രീ. കെ. മോഹൻകുമാർ:*
,, *ലൂഡി ലൂയിസ്:*
,, *ജോർജ് ജെ. മാത്യു:*
,, *കെ. എ. ചന്ദ്രൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സംരക്ഷണരംഗത്ത് ലോകബാങ്കിന്റെ സഹായം സംസ്ഥാനത്തിന് ലഭിക്കുമോ;

(ബി) എങ്കിൽ എന്തു തുകയുടെ സഹായമാണ് ലഭിക്കുന്നത്;

(സി) ഇത് എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly